ശ്രീ. ടി. കെ. നാരായണപിള്ള: എത്ര ത്രപാ വരുമെന്നുള്ളതിനു് അതിന്റെ കണക്കു് എന്റെ കൈവശം ഇപ്പോൾ ഇല്ല.

Sri. D. Gnanasigamoni: Are the Government aware that in certain places where the shift system works, the morning and evening sessions start at 3'0 clock and disperse at four?

Sri. T. K. Narayana Pillai: Such instances have not been brought to my notice.

ശ്രീ. ഇ. പി. പൗലോസ്: ഷിഫ്റ്റ് സിസ്റ്റം അനുസരിച്ചു് പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരിൽ എത്രപേരെ വേറെ വേക്കൻസികളിൽ നിയമിച്ചിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: പിരിച്ചുവിടപ്പെട്ട ൨൦൦ പേരിൽ ൧൩൫ പേരെ അബ്സോർബ് ചെയ്യുന്നതിനു് സാംഗ്ഷൻ ആയിട്ടുണ്ടു്. ഇനി ആ സാംഗ്ഷനെ തുടർന്നു അവരെ ഓരോ സ്ഥാനത്തു പോസ്റ്റ് ചെയ്യേണ്ടതായിട്ടേ ഉള്ളൂ.

ശ്രീ. പി. എം. വറുഗീസ്: പ്രൈവറ്റ് സ്കൂളുകളിൽ ഷിഫ്റ്റ് സിസ്റ്റം നിറുത്തുവാൻ ഗവണ്മെന്റിന്റെ അനുവാദം ആവശ്യമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമായിരിക്കും.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: അടുത്ത സ്കൂൾ വർഷാരംഭം മുതൽ ഷിഫ്റ്റ് സിസ്റ്റം പരിപൂർണ്ണമായി നിറുത്തൽചെയ്യണമെന്നാണോ ഗവണ്മെന്റിന്റെ ഉദ്ദേശം?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗത്തിൽ ഷിഫ്റ്റ് സിസ്റ്റം മുഴുവൻ നിറുത്തൽ ചെയ്യണമെന്നാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

ശ്രീ. വി. ഗംഗാധരൻ നായർ: ഷിഫ്റ്റ് സിസ്റ്റംമൂലം പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുന്നതുവരെ അവർക്കു ശമ്പളമോ അലവൻസോ വല്ലതും കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശമ്പളമോ അലവൻസോ കൊടുക്കുന്നതു് അവരെ പിരിച്ചുവിട്ട അവസരത്തിൽ ഗവണ്മെന്റിൽനിന്നു കൊടുത്ത ഓർഡർ അനുസരിച്ചിരിക്കും.

ശ്രീ. ഏ. താണുപിള്ള: ഇന്നു് ഏതെങ്കിലും പ്രൈവറ്റ് സ്കൂളുകളിൽ ഷിഫ്റ്റ് സിസ്റ്റം ഇപ്പോൾ നിലവിലില്ലാതായിത്തീർന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്കൂളുകളിൽ ഇല്ലാതായിത്തീർന്നിട്ടുണ്ടു്.

അടിസ്ഥാനവിദ്യാഭ്യാസം

* ൭൨൪. (൧) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ അടിസ്ഥാനവിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ഗവണ്മെന്റിനു് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) സേവാഗ്രാമത്തിൽ അടിസ്ഥാനവിദ്യാഭ്യാസം പരിശീലിച്ചുവർ ആരെങ്കിലും ഇവിടെയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) അടിസ്ഥാനവിദ്യാഭ്യാസം എത്രകൊല്ലംകൊണ്ടു് എർപ്പെടുത്താമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതെന്നു പറയാമോ;

(ഡി) അടിസ്ഥാനവിദ്യാഭ്യാസം എർപ്പെടുത്തുന്നതുമൂലം ഗവണ്മെൻറിനു വിദ്യാഭ്യാസച്ചിലവു വർദ്ധിക്കുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) അതു് ഇപ്പോൾ പറയാറായിട്ടില്ല.

(ഡി) ചിലവു് വർദ്ധിക്കാനാണു് ഇടയുള്ളതു്.

ശ്രീമതി ദേവകീഗോപിദാസു്: സേവാഗ്രാമത്തിൽ ചിലരെ അടിസ്ഥാനവിദ്യാഭ്യാസം പരിശീലിപ്പിച്ചതു് ഗവണ്മെൻറിൽനിന്നാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെൻറിൽനിന്നാണു്. ഞാപേക്ഷ അടിസ്ഥാനവിദ്യാഭ്യാസത്തിൽ വേണ്ട പരിശീലനം കൊടുത്തിട്ടുണ്ടു്.

ശ്രീമതി ദേവകീഗോപിദാസു്: അവരെ എവിടെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവരെ ഇപ്പോൾ ചേർപ്പിലുള്ള ടെയിനിംഗു് സ്കൂളിൽ അദ്ധ്യാപകന്മാരായി വിയമിച്ചിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Are the Government aware that basic education is a system which has not yet been universally accepted as the best system?

Sri. T. K. Narayana Pillai: It is a matter of opinion.

ശ്രീ. കെ. എ. മാത്യു: അവരെ എന്നാണു് നിയമിച്ചതു് എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഫൻ ൪൦-ൽ ആണു്.

ശ്രീ. കെ. എ. മാത്യു: ഏതു മാസത്തിലാണു് നിയമിച്ചതെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു മാസത്തിലാണു് നിയമിച്ചതെന്നു് അറിഞ്ഞുകൂടാ. ഫൻ ൪൦-ലാണു് നിയമിച്ചതു്.

ശ്രീ. കെ. എ. മാത്യു: ആ ടെയിനിംഗു് സ്കൂളിൽ കുട്ടികളെയെല്ലാം എടുത്തതിനുശേഷമാണോ ഇവരെ അദ്ധ്യാപകന്മാരായി നിയമിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചേർപ്പു് ടെയിനിംഗു് സ്കൂളിൽ മുന്നു മാസത്തെ ടെയിനിംഗു് ആണു് നിശ്ചയിച്ചിരിക്കുന്നതു്. ആ ടെയിനിംഗു് മിക്കവാറും പൂർത്തിയാകാറായി.

ശ്രീ. കെ. എ. മാത്യു: അതല്ലാ ഞാൻ ചോദിച്ചതു്. ഈ പറഞ്ഞ ആളുകളെ ഈ സ്കൂളിലേക്കു് എടുത്തതു് എന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അവരെ എടുത്തിട്ടു മുന്നു മാസത്തോളമായി.

ശ്രീ. കെ. എ. മാത്യു: അവരെ അദ്ധ്യാപകന്മാരായി ഇവിടെ നിയമിച്ചതെന്നാണു്?

ശ്രീ. ടി.. കെ. നാരായണപിള്ള: അതു് കുറച്ചുമുമ്പു് ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു.

ശ്രീമതിദേവകി ഗോപിദാസു്: ഇനിയും കുറെ ആളുകളെക്കൂടി പരിശീലനത്തിനു് എടുക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഉള്ളവരുടെ പരിശീലനം കഴിഞ്ഞാൽ വേറെ ആളുകളെ പരിശീലനം കൊടുക്കുന്നതിനു് എടുക്കുന്നതാണു്.

ശ്രീ. ടി. വി. ദേവൻ: ഇപ്പോൾ പരിശീലനം സിദ്ധിച്ചുവരിൽ പിന്നോക്കസമുദായക്കാർ ആരെങ്കിലുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എൻ. വി. ചാക്കോ: അടിസ്ഥാന വിദ്യാലയങ്ങൾ എത്രയുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെന്റിൽനിന്നു ട്രെയിനിംഗ് സ്കൂളുകൾ നടത്തുന്നുണ്ടു്. ട്രെയിനിംഗ് സ്കൂളുകൾക്കു ഗ്രാന്റു കൊടുക്കുന്നുണ്ടു്. പ്രൈവറ്റു ഏജൻസി നടത്തുന്ന വേറെ രണ്ടുമൂന്നു വിദ്യാലയങ്ങൾ ഉണ്ടു്.

ശ്രീ. എൻ. വി. ചാക്കോ: അവ എവിടെയൊക്കെയാണു് ഉള്ളതു്?

ശ്രീ. ടി കെ. നാരായണപിള്ള: കാലടിക്കു സമീപം ഒരു ബേസിക്കു് എഡ്യൂക്കേഷൻ സ്കൂൾ ഉണ്ടു്. അതിനു് ഗ്രാന്റു കൊടുത്തുവരുന്നുണ്ടു്. നാഗർകോവിലിൽ ഒരു അടിസ്ഥാന വിദ്യാഭ്യാസ സ്ഥാപനം ഉണ്ടു്. അതിനും ഗ്രാന്റു കൊടുത്തുവരുന്നുണ്ടു്. ഗവൺമെന്റിൽനിന്നും ഗ്രാന്റു വാങ്ങിക്കാത്ത രണ്ടുമൂന്നു വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടു്.

ശ്രീ. എ. പി. ഉദയഭാനു: ഈ രാജ്യത്തു് മറ്റു പല രാജ്യങ്ങളിലും ഉള്ളതുപോലെ ബേസിക്കു് എഡ്യൂക്കേഷൻ സാർവ്വത്രികമാക്കണമെന്നാണോ ഗവൺമെന്റിന്റെ ഉദ്ദേശം?

ശ്രീ. ടി. കെ. നാരായണപിള്ള: ബേസിക്കു് എഡ്യൂക്കേഷൻ ഈ രാജ്യത്തു് സാർവ്വത്രികമാക്കുന്നതിനുള്ള സാധ്യതകളും ഈ സ്റ്റേറ്റിനുണ്ടോ എന്നു് ഗവൺമെന്റു് ആലോചിച്ചുവരികയാണു്.

മദ്രാസു് മെഡിക്കലേക്ഷൻ പരീക്ഷ

* ൧൨൭. (൨൪) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

മദ്രാസു് മെഡിക്കലേഷൻ പരീക്ഷയ്ക്കു സമമായ ഒരു പരീക്ഷ തിരുവിതാംകൂർ സർവ്വകലാശാലയിൽ ഏർപ്പെടുത്തണമെന്നു കാണിച്ചു് നിവേദനവും കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): മെഡിക്കലേഷൻ പരീക്ഷ ഏർപ്പെടുത്തുന്നതു സംബന്ധിച്ചു് അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്.

ശ്രീമതി ദേവകി ഗോപിദാസു്: അതിനെപ്പറ്റി എന്തു നടപടി എടുത്തു?

ശ്രീ. ടി. കെ. നാരായണപിള്ള: അപേക്ഷകൾ യൂണിവേഴ്സിറ്റിയുടെ പരിഗണനയ്ക്കു് ഈ ഗവൺമെന്റു് അയച്ചുകൊടുക്കുകയും ഇന്നത്തെ പരിതസ്ഥിതിയിൽ ഇങ്ങനെയുള്ള ഒരു പ്രത്യേക പരീക്ഷ നടത്തേണ്ട ആവശ്യമില്ലെന്നു് യൂണിവേഴ്സിറ്റി വൈസു് ചാൻസലർ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. വി. ചാക്കോ: മെഡിക്കലേഷൻ പരീക്ഷ വേണമോ വേണ്ടയോ എന്നു തീർച്ചയാക്കുന്നതു് യൂണിവേഴ്സിറ്റിയുടെ പരിധിയിൽപ്പെട്ടതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly